# O.S.S.A.E.
# വേദപഠന സർട്ടിഫിക്കേറ്റ് പരീക്ഷ 2018

**Class X** | **Time 3 hrs** | **Marks 100**

**29-12-2018 Saturday, 10 a.m. to 1 p.m.**

## Part A

**ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (1–10)** **10**

1. യെരുശലേമിലെ രണ്ടാം ദേവാലയം പണിതീർത്തത് ആരുടെ കാലത്താണ്.
(ശലോമോൻ, ദാര്യാവേശ്, കോരശ്)
2. കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചുകഴിയുമ്പോൾ ആഘോഷിക്കുന്ന പെരുന്നാൾ.
(വാരപ്പെരുന്നാൾ, പ്രതിഷ്ഠാപ്പെരുന്നാൾ, കൂടാരപ്പെരുന്നാൾ)
3. പ്രവാചകനും പുരോഹിതനും ന്യായാധിപനുമായിരുന്ന വ്യക്തി.
(ശമുവേൽ, യോശുവ, ദാവീദ്)
4. വായും തൂണും മല്പാനുമായി വിശേഷിപ്പിക്കപ്പെടുന്ന പിതാവ്.
(മാർ ബസേലിയസ്, മാർ കൂറിലോസ്, മാർ സേവേറിയസ്)
5. ദേവലോകം അരമനയിൽ കബറടക്കപ്പെട്ട പ്രഥമ കാതോലിക്ക.
(പ. ബസേലിയസ് ഗീവർഗീസ് പ്രഥമൻ, പ. ബസേലിയസ് ഗീവർഗീസ് ദ്വിതീയൻ,
പ. ബസേലിയസ് മാത്യൂസ് പ്രഥമൻ)
6. ബാബിലോണിയ പ്രവാസത്തിൽനിന്നു യെരുശലേമിലേക്കു മടങ്ങുവാൻ യഹൂദന്മാർക്ക് അനുവാദം നൽകിയ രാജാവ്. (ടോളമി, ദാരിയാവേശ്, കോരശ്)
7. "സത്യം ജയിക്കുന്നു" എന്ന ഗ്രന്ഥം ആരെക്കുറിച്ചുള്ളതാണ്.
(പ. ഗീവർഗീസ് മാർ ദിവന്നാസിയോസ്, പ. പരുമല തിരുമേനി, പ. പാമ്പാടി തിരുമേനി)
8. എന്തിനെയാണ് "ഉയിർപ്പിന്റെ പ്രഭാതം" എന്നു പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്.
(ഉയിർപ്പുപെരുന്നാൾ, യുഗാന്ത്യം, സ്വർഗ്ഗാരോഹണപ്പെരുന്നാൾ)
9. 'ബോത്തേദ്ഹാശോ' എന്ന വാക്കിന്റെ അർത്ഥം.
(പ്രതിവാക്യം, ഹാശായുടെ നിർത്തുകൾ, അപേക്ഷ)
10. മലങ്കരസഭയിലെ അന്തോണിയോസ്.
(യൽദോ മാർ ബസേലിയസ്, പത്രോസ് മാർ ഒസ്താത്തിയോസ്, പ. പരുമല തിരുമേനി)

**പേരെഴുതുക (11–15)** **5**

11. നവീകരണ ആശയങ്ങൾ തള്ളിക്കളയുവാൻ മലങ്കര സഭാമക്കൾ എടുത്ത തീരുമാനത്തിനു പറയുന്ന പേര് എന്ത്?
12. 'ദൈവം ജനമദ്ധ്യേ കൂടാരമടിക്കുന്നു' എന്ന് അർത്ഥം വരുന്ന എബ്രായ പദം.
13. ഹസ്മോന്യ രാജവംശത്തിന്റെ മറ്റൊരു പേര്?
14. മലങ്കര സഭയുടെ നവോത്ഥാനശില്പി.
15. പൗലോസ് മാർ ഗ്രിഗോറിയസ് തിരുമേനിയുടെ ആത്മകഥ.

**പൂരിപ്പിക്കുക (16–20)** 5

16. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലെ ഏറ്റവും പ്രധാന സംഭവം ............................... ആണ്.
17. പരിശുദ്ധാത്മാവ് കേവലം ഒരു ചൈതന്യമായിട്ടല്ല; പിന്നെയോ ഒരു ........................... പൗലോസ് വെളിപ്പെടുത്തുന്നു.
18. ഇഗ്നേഷ്യസ് ലയോളയും അദ്ദേഹം സ്ഥാപിച്ച ................................ പ്രതിനവീകരണത്തിൽ മുൻ നിരയിൽ പ്രവർത്തിച്ചവരാണ്.
19. കൂനൻകുരിശുസത്യത്തിനുശേഷം മലങ്കരസഭ ............................. എന്ന തദ്ദേശിയ മെത്രാന്മാരുടെ ഭരണത്തിൽകീഴ് നിലകൊണ്ടു.
20. യേശു ............................. മഹാപുരോഹിതനാണെന്ന് എബ്രായലേഖനം വിശദമാക്കുന്നു.

**ചേരുംപടി ചേർക്കുക (21–25)** 5

| | A | | B |
|---|---|---|---|
| 21. | എഡിൻബറോ സമ്മേളനം 1937 | – | കിസ്ലേവ് മാസം |
| 22. | കൗൺസിൽ ഓഫ് കാൽസിഡോൺ റീ എക്സാമിൻഡ് | – | പരിശുദ്ധാത്മാവ് |
| 23. | കൗൺസിലർ | – | ഫാ. ഡോ. വി.സി. ശമുവേൽ |
| 24. | സാക്ഷ്യപ്പെട്ടകം | – | പരി. ബസേലിയസ് ഗീവർഗീസ് ദ്വിതീയൻ ബാവ |
| 25. | ഹന്നൂക്കാ | – | ശീലോവ് |

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (26–30)** 5

26. വലിയനോമ്പിൽ എല്ലാ വാങ്ങിപ്പോയവരെയും ഓർക്കുന്ന ദിവസം ഏത്?
27. ഇംഗ്ലണ്ടിൽ നവീകരണപ്രസ്ഥാനം തുടങ്ങിയതാര്?
28. പ്രോത്സാഹനത്തിന്റെ ലേഖനം.
29. 'നില്പ്' എന്ന അർത്ഥം വരുന്ന സുറിയാനി പദം.
30. ആത്മീയപ്രകാരവും അദ്ദേഹം ഒരു മഹാനും യാതൊരു കുറവും ഇല്ലാത്തവനായിരുന്നുവെന്നാണ് നമ്മുടെ അഭിപ്രായം. ആരുടെ അഭിപ്രായം? ആരെക്കുറിച്ച്?

**ശരിയോ തെറ്റോ എന്നെഴുതുക (31–35)** 5

31. റോമാ സാമ്രാജ്യത്തിനു വെളിയിലുള്ള സഭാതലവന്മാരെ കാതോലിക്കോസ് എന്നു വിളിക്കാറില്ല.
32. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് മൂന്നു ദൈവങ്ങളുണ്ടെന്നു ക്രിസ്തീയ സഭ പഠിപ്പിക്കുന്നില്ല.
33. അന്യായമായി സമ്പത്തുണ്ടാക്കുവാൻ ശ്രമിക്കുമ്പോഴാണ് സമൂഹത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത്.
34. കർത്താവിന്റെ രണ്ടാമത്തെ വരവ് നിശ്ചയമാണെങ്കിലും എപ്പോഴാണ് അതു സംഭവിക്കുകയെന്നു പുതിയനിയമം വ്യക്തമാക്കിയിട്ടില്ല.
35. ക്രൂശിലെ മരണംമൂലം കർത്താവിന്റെ ശരീരത്തിൽനിന്നും ആത്മാവിൽനിന്നും ദൈവത്വം വേർപെട്ടു.

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക (36–40)** 10

36. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ നടക്കുന്ന മൂന്നു കാര്യങ്ങൾ ഏവ?
37. വെളിപാട് സാഹിത്യം എന്താണ്?
38. സുന്നഗോഗ് ആരാധനയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?
39. 'ത്രിപ്പൂണിത്തുറയിലെ ഒരു ഗ്രാമത്തിൽ ജനിച്ച പൈതൽ ഒരു വിദേശരാജ്യത്തെ ചക്രവർത്തിയുടെ പേഴ്സണൽ ഉപദേഷ്ടാവായി' ഇദ്ദേഹം ആര്? ചക്രവർത്തി ആര്?
40. സ്ലീബായുടെ കുക്കിലിയോന്റെ വേദഭാഗം ഏത്?

**വാക്കുകളുടെ അർത്ഥം എഴുതുക (41–45)** 5

41. അമ്മാനുവേൽ (ഇമ്മാനുവേൽ)
42. എനിയോനോ
43. കോലോ
44. ലൊക്മോർതെശുബുഹത്തോ
45. മാനീസ

**ആശയത്തിലുള്ള വ്യത്യാസം എഴുതുക (46–50)** 10

46. നവീകരണം – പ്രതിനവീകരണം
47. സ്ലീബാനമസ്കാരം – ക്യംതാ നമസ്കാരം
48. പെദ്രോവഡോമിഷൻ – പ്രൊപ്പഗാൻഡാമിഷൻ
49. കാരാഗൃഹലേഖനങ്ങൾ – ഇടയലേഖനങ്ങൾ
50. തോറാ – കെത്തുബീം

**ഒരു പേജിൽ കവിയാതെ ഉത്തരം എഴുതുക (51)** 5

51. പ്രവചനകൃതികളും വെളിപാടുകൃതികളും തമ്മിലുള്ള വ്യത്യാസങ്ങൾ

## Part B (ഉപപാഠഭാഗം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (52–56)** 10

52. വൈദികവിദ്യാഭ്യാസത്തിൽ പ. പരുമലതിരുമേനിയുടെ ഗുരുക്കന്മാർ ആരെല്ലാമായിരുന്നു?
53. പരുമല തിരുമേനി ഏതെല്ലാം ഭദ്രാസനങ്ങളിൽ ഭരണം നടത്തി?
54. പ. പരുമലതിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചത് ഏത് വർഷം? അന്നത്തെ സുന്നഹദോസ് അദ്ധ്യക്ഷൻ ആര്?
55. ഒരു സ്വതന്ത്ര കാതോലിക്കേറ്റ് ഉണ്ടാകണമെന്ന് പ. വട്ടശ്ശേരി തിരുമേനി ആഗ്രഹിക്കാൻ കാരണം എന്ത്?
56. സഭാവിശ്വാസപഠനത്തിനു പ. വട്ടശ്ശേരിതിരുമേനി നൽകിയ സംഭാവന.

**ഒരു പേജിൽ ഉത്തരമെഴുതുക (57–58)** 10

57. പ. പരുമലതിരുമേനിയുടെ സംഭാവനകൾ ചുരുക്കി എഴുതുക.
58. പ. ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ വ്യക്തിത്വസവിശേഷതകൾ വിവരിക്കുക.

## Part C (പൊതുവായ ചോദ്യങ്ങൾ)

59. പെസഹവ്യാഴാഴ്ചയുടെ ക്രമീകരണങ്ങളും അന്നേ ദിവസത്തെ വി. കുർബാനയുടെ പ്രത്യേകതകളും വിവരിക്കുക. 5

**ഗീതം പൂർണമായി എഴുതിയിട്ട് ചുവടെ തന്നിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക** 5

60. 'ഞാനഞ്ചുന്നെൻ പാപത്താൽ
....................................... മോദപ്പൂങ്കാവിൽ
...................................................................
...................................................................
രക്ഷിച്ചെന്നേ .........................................
........................... തിരുഹിതമാം സ്ഥാനേ.'

ഈ ഗീതത്തിന്റെ അർത്ഥം രണ്ടോ മൂന്നോ വാചകങ്ങളിൽ എഴുതുക.

**വേദഭാഗം വായിച്ച് ചുവടെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (61–65)** **5**

നീ യിസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ: ഏഴാം മാസം പതിനഞ്ചാം തീയതിമുതൽ ഏഴു ദിവസം യഹോവയ്ക്ക് കൂടാരപ്പെരുന്നാൾ ആകുന്നു. ഒന്നാം ദിവസത്തിൽ വിശുദ്ധസഭാ യോഗം ഉണ്ടാകേണം; അന്നു സാമാന്യവേല യാതൊന്നും ചെയ്യരുതു. ഏഴു ദിവസം യഹോവെക്കു ദഹനയാഗം അർപ്പിക്കേണം; എട്ടാം ദിവസം നിങ്ങൾക്കു വിശുദ്ധസഭായോഗം ഉണ്ടാകേണം; യഹോവെക്കു ദഹനയാഗവും അർപ്പിക്കേണം; അന്നു അന്ത്യസഭായോഗം; സാമാന്യവേല യാതൊന്നും ചെയ്യരുതു. യഹോവയുടെ ശബ്ബത്തുകളും നിങ്ങളുടെ വഴിപാടുകളും നിങ്ങളുടെ എല്ലാ നേർച്ചകളും നിങ്ങൾ യഹോവെക്കു കൊടുക്കുന്ന സകല സ്വമേധാദാനങ്ങളും കൂടാതെ അതതു ദിവസത്തിൽ യഹോവെക്കു ദനഹയാഗവും ഹോമയാഗവും ഭോജനയാഗവും പാനീയ യാഗവും അർപ്പിക്കേണ്ടതിന്നു വിശുദ്ധസഭായോഗങ്ങൾ വിളിച്ചുകൂട്ടേണ്ടുന്ന യഹോവയുടെ ഉത്സ വങ്ങൾ ഇവതന്നേ. ഭൂമിയുടെ ഫലം ശേഖരിച്ചശേഷം ഏഴാം മാസം പതിനഞ്ചാം തീയതി യഹോ വെക്കു എഴു ദിവസം ഉത്സവം ആചരിക്കേണം; ആദ്യദിവസം വിശുദ്ധസ്വസ്ഥത; എട്ടാം ദിവ സവും വിശുദ്ധസ്വസ്ഥത. ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും തഴെച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആറ്റലരിയും എടുത്തുകൊണ്ടു നിങ്ങ ളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴു ദിവസം സന്തോഷിക്കേണം. സംവത്സരം തോറും ഏഴു ദിവസം യഹോവെക്കു ഈ ഉത്സവം ആചരിക്കേണം; ഇതു തലമുറതലമുറയായി നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം; ഏഴാം മാസത്തിൽ അതു ആചരിക്കേണം. ഞാൻ യിസ്രായേൽ മക്കളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്നപ്പോൾ അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു നിങ്ങളുടെ സന്തതികൾ അറിവാൻ നിങ്ങൾ ഏഴു ദിവസം കൂടാരങ്ങളിൽ പാർക്കേണം; യിസ്രാ യേലിലെ സ്വദേശികൾ ഒക്കെയും കൂടാരങ്ങളിൽ പാർക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു.

61. കൂടാരപ്പെരുന്നാൾ ആചരിച്ചത് എന്നായിരുന്നു?
62. കൂടാരപ്പെരുന്നാളിൽ ഒന്നാം ദിവസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?
63. കൂടാരപ്പെരുന്നാളിലെ എട്ടാം ദിവസത്തെ ആചാരങ്ങൾ എപ്രകാരം ആയിരുന്നു?
64. കൂടാരപ്പെരുന്നാൾ ദിവസങ്ങളിൽ കൂടാരങ്ങളിൽ ജനങ്ങൾ പാർക്കുവാൻ യഹോവ ആവശ്യപ്പെ ട്ടത് എന്തുകൊണ്ട്?
65. കൂടാരപ്പെരുന്നാളിൽ എപ്രകാരം യഹോവയുടെ സന്നിധിയിൽ ഏഴുദിവസം സന്തോഷിക്കണം?

☆